പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 845 | 14-10-2026-ൽ മറുപടിയ്ക്ക്

**<u>അരുവിക്കര മണ്ഡലത്തിലെ വന്യജീവി പ്രതിരോധ പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സ്റ്റീഫൻ | ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** അരുവിക്കര നിയോജകമണ്ഡലത്തിലെ വന മേഖലകൾ ഉൾപ്പെടുന്ന പ്രദേശങ്ങളിലെ വന്യജീവി ആക്രമണം തടയുന്നതിനായി പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

**<u>മറുപടി:</u>** അരുവിക്കര നിയോജകമണ്ഡലത്തിൽ മനുഷ്യ-വന്യമൃഗ സംഘർഷം തടയുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുണ്ട് .

കോട്ടൂരിൽ പ്രവർത്തിക്കുന്ന ഡിവിഷണൽ ഫോറസ്റ്റ് എമർജൻസി ഓപ്‌റേഷൻ സെന്ററിനെ അഗസ്ത്യവനം-തിരുവനന്തപുരം ലാൻഡ് സ്കേപ്പ് ലെവൽ കമാൻഡ് ആന്റ് കൺട്രോൾ സെന്ററായി അപ്‌ഗ്രേഡ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.

വന്യജീവികൾക്ക് കാടിനുള്ളിൽ തന്നെ ഭക്ഷ്യ-ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി വനാന്തർഭാഗങ്ങളിൽ സോളാർ പമ്പുകൾ സ്ഥാപിക്കുന്നതിനും, മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി രൂപീകരിച്ചിട്ടുള്ള പ്രൈമറി റെസ്പോൺസ് ടീം, സ്പെഷ്യൽ റിസർവ് ഫോഴ്സ്, ജനജാഗ്രതാ സമിതികൾ എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു. അതോടൊപ്പം ഇത്തരം കാര്യങ്ങൾ ഏകോപിപ്പിക്കാൻ അസംബ്ലി ലെവൽ കമ്മിറ്റിയും രൂപികരിച്ചിട്ടുള്ളതാണ്.

വന്യജീവികൾ ജനവാസമേഖലയിലേക്ക് കടക്കുന്നത് തടയുന്നതിനായി ജനവാസമേഖലയോട് ചേർന്ന വനാതിർത്തി പ്രദേശങ്ങളിൽ സോളാർ വേലികൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി നടപ്പുവർഷം അരുവിക്കര മണ്ഡലത്തിന്റെ പരിധിയിൽ 8.6 കി.മി. സോളാർ വേലി സ്ഥാപിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്.

നിലവിൽ പ്രവർത്തിച്ചു വരുന്ന ആർ.ആർ.ടി, ഇക്കോ-റിസ്റ്റോറേഷൻ പ്രവർത്തനങ്ങൾ, ഡിവിഷണൽ ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്റർ തുടങ്ങിയവയുടെ പ്രവർത്തനങ്ങളും തുടരുന്നു.

**സെക്ഷൻ ഓഫീസർ**